മായി ബന്ധപ്പെട്ട പ്രദേശങ്ങളുടെ സംരക്ഷണ പദ്ധതി, മണ്ണുസംരക്ഷണ ഉദ്യോഗസ്ഥന്മാർക്കും പഞ്ചായത്തുതല വികസന ഉദ്യോഗസ്ഥന്മാർക്കുമുള്ള പരിശീലന പദ്ധതി എന്നിവയും കേന്ദ്രാവിഷ്കൃത പദ്ധതികളായ കബിനി നദീതട പദ്ധതിയും, ദേശീയ നീർമറി വികസന പദ്ധതിയുമായി ബന്ധപ്പെട്ട മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയും നടപ്പിലാക്കിവരുന്നു.

(ബി) തത്സ്ഥല ജലപരിപാലനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള മണ്ണു സംരക്ഷണ പ്രവർത്തനങ്ങളാണ് വാട്ടർ ഷെഡ്ഡുകളിൽ നടപ്പിലാക്കി വരുന്നത്. ഇതു കൂടാതെ കുളങ്ങളുടെ നിർമ്മാണവും അവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും മണ്ണുസംരക്ഷണ വിഭാഗം ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(സി) ഓരോ പദ്ധതിയ്ക്കും സർക്കാർ അംഗീകരിച്ചിട്ടുള്ള സബ്സിഡി മാനദണ്ഡങ്ങൾക്കനുസൃതമായാണ് ഗുണഭോക്തൃ വിഹിതം നിശ്ചയിക്കുന്നത്.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായ കബനീ നദീതട പദ്ധതിയിൻ കീഴിൽ ലോൺ ഇനത്തിൽ ഗുണഭോക്താക്കളിൽ നിന്നും 84.11191 ലക്ഷം രൂപ പിരിഞ്ഞു കിട്ടുവാനുണ്ട്.

സോയിൽ സർവ്വെ

76 [2940] ശ്രീ. എ. സുജനപാൽ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എൻ. ഡി. അപ്പച്ചൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ടി. എൻ. പ്രതാപൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോയിൽ സർവ്വെ എവിടെയെല്ലാം പൂർത്തിയായിട്ടുണ്ട്;

(ബി) സോയിൽ സർവ്വെ പൂർത്തിയായ സ്ഥലങ്ങളുടെ സോയിൽ മാപ്പ് ഉണ്ടാക്കിയിട്ടുണ്ടോ;

(സി) മാപ്പിലെ വിവരങ്ങൾ കർഷകർക്ക് എപ്രകാരം കൊടുക്കാമെന്നാണ് കരുതുന്നത്;

(ഡി) സോയിൽ മാപ്പിൽ പറഞ്ഞപ്രകാരമുള്ള കൃഷികൾ ബന്ധപ്പെട്ട സ്ഥലങ്ങളിൽ ആരംഭിച്ചോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് വിവിധതരം സോയിൽ സർവ്വെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ആസൂത്രണ പ്രവർത്തനങ്ങൾക്കാവശ്യമായ ശീഘ്ര സോയിൽ സർവ്വെ സംസ്ഥാനത്തെ 14 ജില്ലകളിലും പൂർത്തിയായിട്ടുണ്ട്. വിശദ സോയിൽ സർവേ, തീവ്ര സോയിൽ സർവേ എന്നീ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല.

(ബി) ഉണ്ട്.

(സി) മാപ്പും റിപ്പോർട്ടും പദ്ധതി നടപ്പാക്കുന്ന ഏജൻസികൾ/വകുപ്പുകൾ മുഖേനയാണ് കർഷകന് എത്തിക്കുന്നത്.

(ഡി) സോയിൽ സർവ്വെ റിപ്പോർട്ടിലും മാപ്പിലും നിർദ്ദേശിക്കുന്ന തരത്തിലുള്ള ഭൂവിനിയോഗ ക്രമവും കൃഷി രീതികളും കാര്യക്ഷമമായ തോതിൽ പദ്ധതി നടപ്പാക്കുന്ന ഏജൻസികൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

പ്ലാന്റേഷൻ കോർപ്പറേഷൻ തോട്ടങ്ങളിലെ കൂലി കുടിശ്ശിക

77 [2941] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ തോട്ടങ്ങളിൽ ജോലിചെയ്തിരുന്ന തൊഴിലാളികളുടെ മൂന്നര മാസത്തെ കൂലി കുടിശ്ശിക നൽകുന്നതിന് പരിഹാരമുണ്ടാക്കിയോ; എങ്കിൽ എങ്ങിനെയെന്ന് വ്യക്തമാക്കാമോ;

(ബി) പേരാമ്പ്ര എസ്റ്റേറ്റിലെ തൊഴിലാളികളുടെ കൂലി കുടിശ്ശിക പൂർണ്ണമായി നൽകിയോയെന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക നൽകിയിട്ടില്ലെങ്കിൽ എപ്പോൾ നൽകുമെന്ന് അറിയിക്കാമോ;

(ഡി) കൂലി കുടിശ്ശിക മാസങ്ങളിലെ പി.എഫ്., ബോണസ്, ലീവാനുകൂല്യങ്ങൾ എന്നിവ എങ്ങനെ പരിഹരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) റബ്ബറിന് വില വർദ്ധിച്ച സാഹചര്യത്തിൽ പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി മൂലം 2001 ജൂലൈ മുതൽ 2001 ഒക്ടോബർ വരെയുള്ള 4 മാസത്തെ ശമ്പളം വിതരണം ചെയ്തിട്ടില്ല. കോർപ്പറേഷന്റെ നിലനിൽപ്പ് മുന്നിൽ കണ്ടുകൊണ്ട് മാനേജുമെന്റും യൂണിയനുകളുമായി ഒരു ചർച്ച നടത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ 4 മാസത്തെ ശമ്പളം വേണ്ടന്നു വെയ്ക്കുന്ന ഒരു കരാറിൽ മിക്ക യൂണിയനുകളും ഒപ്പുവെയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly